# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5079 30.06.2014-ൽ മറുപടിയ്ക്ക്**

**(Z+) കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയ നേതാക്കൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഇസെഡ് പ്ലസ്സ് (Z+) കാറ്റഗറി സുരക്ഷയുള്ള അന്യ സംസ്ഥാന മതനേതാക്കൾ/ആത്മീയ നേതാക്കൾ കേരളം സന്ദർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേരളം സന്ദർശിച്ച ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷ ഉള്ള മതനേതാക്കൾ/ആത്മീയ നേതാക്കൾ ആരെല്ലാമായിരുന്നു ; അവരുടെ പേരും വിശദാംശങ്ങളും നൽകുമോ ; | (ബി) 06.2011 മുതൽക്കുള്ള കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഹരിയാന സംസ്ഥാനത്തിലെ സിർസ ജില്ലയിലുള്ള "ദേര സച്ച സൗദ സിർസ " എന്ന സ്ഥാപനത്തിന്റെ മുഖ്യൻ ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവും സംഘവും പല തവണ കേരളത്തിലെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലെ ഹൈറേഞ്ച് മേഖലകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്. |
| സി) ഇപ്പോൾ സംസ്ഥാനത്ത് തങ്ങുന്ന അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയനേതാക്കൾ ആരെല്ലാമാണ് ; | (സി) ഹരിയാന സംസ്ഥാനത്തിലെ സിർസ ജില്ലയിലുള്ള "ദേര സച്ച സൗദ സിർസ " എന്ന സ്ഥാപനത്തിന്റെ മുഖ്യൻ ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവും സംഘവും 08.06.2014 മുതൽ ഇടുക്കി ജില്ലയിലെ വാഗമൺ എന്ന പ്രദേശത്ത് താമസിച്ച് വരുന്നുണ്ട്. |
| ഡി) ഇവരുടെ കേരളത്തിലെ പ്രവർത്തനങ്ങൾ പോലീസ് നിരീക്ഷിച്ചിട്ടുണ്ടോ ; കേരളത്തിൽ എവിടെയെല്ലാമാണ് ഇവർ തങ്ങുന്നത് ; ആശ്രമങ്ങൾ സ്ഥാപിച്ചവർ ആരെങ്കിലുമുണ്ടോ ; | (ഡി) ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവിന്റെയും സംഘത്തിന്റെയും സന്ദർശനവേളകളിലെ പ്രവർത്തനങ്ങൾ അതതു ജില്ലാ പോലീസ് പൊതുവായി നിരീക്ഷിക്കുന്നുണ്ട്. |

കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കേരളത്തിൽ കാസർഗോഡ് ജില്ലയിലെ ബേക്കലിലുള്ള ലളിത് റിസോർട്ട് & സ്പാ, വയനാട് ജില്ലയിലെ വൈത്തിരി റിസോർട്ട്, കല്പറ്റയിലുള്ള വിന്റ് ഫ്ലവർ ഹോട്ടൽ, മലപ്പുറം ജില്ലയിലെ കടവ് റിസോർട്ട്, കൊച്ചിയിലുള്ള ഇന്ദ്രിയ ചെറായി ബീച്ച് റിസോർട്ട്, ഫ്ലോറ ഹോട്ടൽ, ഇടുക്കി ജില്ലയിലെ മൂന്നാർ, വാഗമൺ തുടങ്ങിയ സ്ഥലങ്ങളിലുള്ള റിസോർട്ടുകൾ, കോട്ടയം ജില്ലയിലെ കുമരകത്തുള്ള സൂരി റിസോർട്ട്, വിന്റർവാലി ഹോട്ടൽ കോട്ടയം, ആലപ്പുഴ ജില്ലയിലുള്ള കാർണോസ്റ്റി ബീച്ച് റിസോർട്ട് ആയുർവേദ സ്പാ, പുന്നമട ഹൗസ് ബോട്ട്, വസുന്ധര സരോവർ ഹോട്ടൽ, തിരുവനന്തപുരം ജില്ലയിലെ പുളിങ്കുടിയിലുള്ള നിരാമയ റിട്രീറ്റ്സ്, കോവളം താജ് ഹോട്ടൽ, കോവളം ലീല ഹോട്ടൽ എന്നിവടങ്ങളിൽ ഹിസ് ഹോളിനെസ്സ് ഹസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ആത്മീയനേതാവും സംഘവും സന്ദർശന വേളകളിൽ താമസിച്ചിരുന്നതായി അറിവായിട്ടുണ്ട്. ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള അന്യ സംസ്ഥാന മത നേതാക്കൾ/ആത്മീയ നേതാക്കൾ കേരളത്തിൽ എവിടെയെങ്കിലും ആശ്രമം സ്ഥാപിച്ചതായി അറിവ് ലഭിച്ചിട്ടില്ല.

| | |
|---|---|
| ഇ) ഇവരിൽ ആരെല്ലാം സംസ്ഥാനത്ത് ഭൂമി വാങ്ങിയിട്ടുണ്ട് ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഇ) ഹിസ് ഹോളിനെസ്സ് ഹസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവിന്റെയും സംഘത്തിന്റെയും സന്ദർശനവേളകളിൽ അവർ ഭൂമി വാങ്ങുന്നത് സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് എവിടെയെങ്കിലും ഭൂമി വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ